ഉത്തരം

(എ—സി) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15-8-1998 മുതൽ 31-12-2000 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഐ.സി.ഡി.എസ്.-ൽ കോൺട്രാക്ട് സൂപ്പർവൈസർമാരായി ജോലി നോക്കുന്നവർ

30 [4902] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഐ.സി.ഡി.എസ്. കോൺട്രാക്ട് സൂപ്പർവൈസർമാരായി സംസ്ഥാനത്ത് എത്ര പേർ ജോലി ചെയ്യുന്നു; അവരുടെ പേരും ജോലി സ്ഥലവും അടങ്ങിയ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) അംഗൻവാടി വർക്കർമാരിൽനിന്നും കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരിൽനിന്നും അർഹരായവരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർ വൈസർ തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) അഞ്ചു വർഷത്തിലധികം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി കോൺട്രാക്ട് അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരിൽ നിന്നും പി. എസ്. സി. നിയമനത്തോടൊപ്പം ആനുപാതികാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 58 പേർ ജോലി നോക്കുന്നു. ലിസ്റ്റ് പ്രത്യേകം ചേർത്തിട്ടുണ്ട്. †

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് 2:1:1 എന്ന അനുപാതത്തിലാണ് നിയമനം നടത്തുന്നത്. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം 3-7-1999-ന് ശേഷം 25% തസ്തികകൾ വകുപ്പിലെ അർഹരായ കാറ്റഗറിക്ക് പ്രൊമോഷൻ വഴിയും 25% അംഗൻവാടി വർക്കർമാരിൽനിന്ന് നേരിട്ടുള്ള നിയമനം വഴിയും 50% പൊതുവിഭാഗത്തിൽനിന്ന് നേരിട്ടുള്ള നിയമനം വഴിയുമാണ് നടത്തുന്നത്. പൊതുവിഭാഗത്തിൽ നിന്ന് നിയമനം നടത്തേണ്ട നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) നിലവിലുള്ള നിയമമനുസരിച്ച് ഇതിന് നിർവ്വാഹമില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly